CHRISTIAN MUSICOLOGICAL SOCIETY OF INDIA

www.christianmusicologicalsocietyofindia.com



# ഈഴത്തുരുത്തിലെ മാർ സ്ലീവാ

ഒരു യാത്ര ...

**Johnson P. Varghese**

Kizhakkinte Sakshiyam
കിഴക്കിന്റെ സാക്ഷ്യം
A Voice of Eastern Christianity
MINISTRY OF JOHNSON P. VARGHESE
www.eastern-witness.blogspot.com


www.christianmusicologicalsocietyofindia.com

CHRISTIAN MUSICOLOGICAL SOCIETY OF INDIA

# ഈഴത്തുരുത്തിലെ മാർ സ്ലീവാ

## ഒരു യാത്ര ...

ജോൺസൺ പി. വർഗ്ഗീസ്



Kizhakkinte Sakshiyam
കിഴക്കിന്റെ സാക്ഷ്യം
A Voice of Eastern Christianity
MINISTRY OF JOHNSON P. VARGHESE


### പകർപ്പവകാശം സംബന്ധിച്ച വിവരം

*"ദാനമായി നിങ്ങൾക്കു കിട്ടി; ദാനമായിത്തന്നെ കൊടുക്കുവിൻ."* (മത്തായി 10:8)

മാർ തോമാ ശ്ലീഹായുടെ കിഴക്കൻ സഭകളുടെ, പ്രത്യേകിച്ച് മാർത്തോമ്മാ നസ്രാണികളുടെ വിശ്വാസ പൈതൃകങ്ങൾ പുനഃസ്ഥാപിക്കുന്നതിനും അതിനുള്ള അവബോധം നസ്രാണി സമുദായത്തിൽ ഉണ്ടാകുന്നതിനുമുള്ള ശ്രമമാണ് കിഴക്കിന്റെ സാക്ഷ്യത്തിന്റെ ലക്ഷ്യം. അതുകൊണ്ട് കിഴക്കിന്റെ സാക്ഷ്യത്തിൽ പ്രസിദ്ധീകരിക്കുന്ന ഏതൊരു ലേഖനത്തിനും പകർപ്പവകാശം ഇല്ലാത്തതാകുന്നു. ആയതിനാൽ താല്പര്യമുള്ളവർക്ക് ഇവ പകർത്തുന്നതിനും പ്രചരിപ്പിക്കുന്നതിനും സാധ്യമാണ്.


www.christianmusicologicalsocietyofindia.com

www.christianmusicologicalsocietyofindia.com

CHRISTIAN MUSICOLOGICAL SOCIETY OF INDIA

# ഒരു യാത്ര...

ഈഴത്തുരുത്തിലെ മാർ സ്ലീവയെപ്പറ്റി കേട്ടറിഞ്ഞപ്പോൾ മുതൽക്കേ മാർത്തോമ്മ നസ്രാണികളും ഈഴത്തുരുത്ത് അഥവാ ശ്രീലങ്കയും തമ്മിലുള്ള ബന്ധം അന്വേഷിക്കാനും അവിടെ സന്ദർശിക്കുവാനും ആഗ്രഹമുണ്ടായിരുന്നു. കിട്ടാവുന്ന പുസ്തകങ്ങളിലെല്ലാം ആ മരതക ദ്വീപിനെപ്പറ്റി വായിച്ചറിയാൻ ശ്രമിച്ചു. എന്നാൽ വിവരങ്ങൾ വളരെ പരിമിതമായിരുന്നു. കുറെയേറെ കാലത്തിനുശേഷം അങ്ങോട്ട് യാത്ര തിരിച്ചു. അല്പം തമിഴ് ഭാഷ വശമുള്ള ധൈര്യം വച്ച് അവിടെ എത്തി. ഒരു തമിഴ് കുടുംബം നടത്തുന്ന ഹോട്ടലിൽ താമസിച്ചു. ആ തമിഴൻ ഒമാനിലെ സലാലയിൽ ജോലി ചെയ്തിട്ടുള്ളവനാണെന്ന് അറിഞ്ഞപ്പോൾ ഒമാനിൽ നിന്ന് വന്ന എനിക്ക് കൂടുതൽ അടുക്കാൻ കഴിഞ്ഞു. എന്റെ വരവിന്റെ ഉദ്ദേശം ഞാൻ അദ്ദേഹത്തെ അറിയിച്ചു. ഇതുപോലെ ഒരാൾ അന്വേഷിച്ച് ഒറ്റയ്ക്ക് വന്നത് അയാൾക്ക് അത്ഭുതമായിരുന്നു. പക്ഷെ അയാൾ ഒരു ഹിന്ദു വിശ്വാസിയായിരുന്നു. എങ്കിലും എന്നെ സഹായിക്കാൻ ജൂഡ് എന്നൊരു ടുക്-ടുക് (നമ്മുടെ ഓട്ടോറിക്ഷ) ഡ്രൈവറെ കൂട്ടിത്തന്നു.

ഇവിടെയുള്ള പുരാതന പള്ളികൾ എനിക്ക് കാണണം എന്ന് ഞാൻ ജൂഡിനോട് പറഞ്ഞു. ജൂഡ് ക്രിസ്ത്യാനിയാണെങ്കിലും അയാളുടെ ഭാര്യ ഒരു ബുദ്ധമത വിശ്വാസിയാണ്. പ്രണയ വിവാഹത്തിന് ശേഷം അയാൾ പള്ളിയിൽ പോകാറില്ല. എന്റെ കൂടെയാണ് വർഷങ്ങൾക്ക് ശേഷം പള്ളിയിൽ വരുന്നത്. നെഗബോയിലെ സെന്റ് മേരീസ് പള്ളിയിൽ ഞാനും ജൂഡും കയറി. ആ പള്ളിയുടെ ചില്ലുജാലകങ്ങളിൽ അനുരാധപുര സ്ലീവാ ആലേഖം ചെയ്തിട്ടുണ്ട്.



*നെഗബോയിലെ സെന്റ് മേരീസ് പള്ളി*



*നെഗബോയിലെ സെന്റ് സ്റ്റീഫൻസ് ചർച്ച്*

അകത്ത് സാധാരണ ലത്തീൻ പള്ളികളിൽ കാണുന്ന രൂപങ്ങൾ ധാരാളമുണ്ട്. പന്ത്രണ്ട് ശ്ലീഹന്മാരുടെ രൂപങ്ങളുടെ ഭംഗി ആസ്വദിച്ച് നടന്നപ്പോൾ യൂദാ ശ്ലീഹായെ കാണിച്ച് ജൂഡിനോട് ചോദിച്ചു ഈ പേർ വായിക്കാമോ. ജൂഡിന്റെ കണ്ണുകൾ വികസിച്ചു. "എന്റെ പേരിൽ ഒരു ദൈവം ഉണ്ടോ?". ഞാൻ തിരുത്തി അദ്ദേഹം ദൈവം അല്ല. ഈശോയുടെ ഒരു ശിഷ്യനാണ്. എങ്കിലും ജൂഡിന് അതൊരു പുതിയൊരറിവായിരുന്നത് എന്നെയും ആശ്ചര്യപ്പെടുത്തി. ഒരു സങ്കരവിശ്വാസം അവിടെയുണ്ട്. ശിവക്ഷേത്രത്തിൽ പൂജ നടത്തി പള്ളിയിൽ പ്രാർത്ഥിച്ച് പോകുന്ന സാധാ വിശ്വാസികളെയും അവിടെ കാണാം.

ഞാൻ ആ പള്ളിയിലെ ഒരു കൊച്ചച്ചനെ കണ്ടുമുട്ടി. പോർച്ചുഗീസുകാർക്ക് മുൻപുള്ള ഒരു ചരിത്രം ആരാഞ്ഞു. അദ്ദേഹത്തിന് വേണ്ടത്ര അറിവില്ല. എങ്കിലും ആർച്ച് ബിഷപ്പ് ഗോമസിന് ഇക്കാര്യത്തെക്കുറിച്ച് അല്പം അറിയാമെന്ന് പറഞ്ഞു. അദ്ദേഹമിപ്പോൾ വിശ്രമ ജീവിതത്തിലാണ്.

പിന്നീട് സെന്റ് സ്റ്റീഫൻസ് ചർച്ച് എന്ന ആംഗ്ലിക്കൻ സഭയുടെ പഴയൊരു ഡച്ച് പള്ളികൂടി സന്ദർശിച്ചു. അവിടെയും അൽത്താരയിലും ചുറ്റും മാർത്തോമ്മാ നസ്രാണികളുടെ സ്ലീവാ കണ്ടു. അനുരാധപുര സ്ലീവാ കണ്ടെടുത്തപ്പോൾ മുതൽ കത്തോലിക്കരും ആംഗ്ലിക്കരും മാർ സ്ലീവാ പ്രദർശിപ്പിക്കുന്നതിൽ മൽസരിക്കുകയാണ്. കാരണം തങ്ങൾക്കാണ് പൗരാണിക സഭയുമായി അടുത്ത ബന്ധം എന്ന് കാണിക്കാനാണ്. അവരുടെ വേരുകൾ സംരക്ഷിക്കാനുള്ള ആവേശം കണ്ടപ്പോൾ എന്റെ സഭയെക്കുറിച്ച് ഒരു വട്ടം ആലോചിച്ചു.

www.christianmusicologicalsocietyofindia.com

CHRISTIAN MUSICOLOGICAL SOCIETY OF INDIA

ലാമാ ബുദ്ധമതത്തിലെ ആരാധനയിൽ സുറിയാനി ആരാധനക്രമത്തിന്റെ സ്വാധീനമുണ്ട്. ഇക്കാര്യങ്ങൾ പിന്നീട് എഴുതാമെന്ന് വിചാരിക്കുന്നു.

സ്ഥാനഭ്രഷ്ടനായ ധാതുസേന രാജാവും അദ്ദേഹത്തിന്റെ കുടുംബവും ശ്രീലങ്കയിലെ മലമ്പ്രദേശത്തും ദക്ഷിണേന്ത്യയിലും ഒളിവിൽ കഴിഞ്ഞുകൊണ്ട്, യോദ്ധാക്കളായ പേർഷ്യക്കാരും കേരളക്കാരുമായിരുന്ന നസ്രാണികളുടെ സഹായത്താൽ രാജ്യം വീണ്ടെടുക്കാൻ ശ്രമിച്ചു. (പതിനെട്ടാം നൂറ്റാണ്ട് വരെ കേരളത്തിൽ നായർ പടപോലെ നസ്രാണിപ്പട എന്നൊരു സേന ആർക്കയോദിക്യന്റെ (ആർച്ച് ഡീക്കൻ) കീഴിൽ ഉണ്ടായിരുന്നു.) ധാതുസേനൻ ഇക്കാലയളവിൽ ധാതുസേന രാജാവിന്റെ സഹോദരിയായ സിംഹള രാജകുമാരിയെ വിവാഹം ചെയ്തിരുന്നത് ഒരു മാർത്തോമ്മാ നസ്രാണിയായിരുന്നു. അവരുടെ മകനായ മിഗീറ നസ്രാണിപ്പടയോടു കൂടിയ ഒരു സൈന്യവുമായി ശ്രീലങ്കയിൽ കടന്ന് ചെന്ന് ധാതുസേനയുടെ ശത്രുക്കളെ തോൽപ്പിക്കുകയും തന്റെ മാതുലനായ ധാതുസേനയെ രാജസിംഹാസനത്തിൽ പുനഃസ്ഥാപിക്കുകയും ചെയ്തു. അങ്ങനെ ധാതുസേന രാജാവിന്റെ അനന്തരവനും മാർത്തോമ്മാ നസ്രാണിയുമായ മിഗീറ എ.ഡി. 459 മുതൽ 477 വരെ രാജ്യത്തിന്റെ സർവ്വസൈന്യാധിപനായി.





ക്വിന്റസ്സ് ഫെർണാണ്ടോയുടെ ലേഖനത്തിൽ ധാതുസേന രാജാവിന്റെ പ്രധാന ഉപദേഷ്ടാക്കളിൽ ഒരാൾ ഒരു നസ്രാണി കത്താനായിരുന്നുവെന്ന് പറയുന്നുണ്ട്. അധികാരത്തിൽ വീണ്ടുമെത്തിയ ധാതുസേന രാജാവ് അധികനാൾ ഭരണത്തിൽ തുടർന്നില്ല.

ധാതുസേനയ്ക്ക് രണ്ട് ആൺമക്കളുണ്ടായിരുന്നു, കശ്യപ ഒന്നാമൻ, മൊഗല്ലാന ഒന്നാമൻ. മൊഗല്ലാന രാജകീയ ഭാര്യയുടെ മകനും സിംഹാസനത്തിന്റെ ശരിയായ അവകാശിയുമായിരുന്നു. കശ്യപ രാജകീയമല്ലാത്ത വെപ്പാട്ടിയിലാണ് ജനിച്ചത്. ധാതുസേനയുടെ മകൾ സഹോദരിയുടെ മകനെയും സൈന്യത്തിന്റെ ജനറൽ മിഗാരയെയും വിവാഹം കഴിച്ചു. മകളും സഹോദരിയും തമ്മിലുള്ള തർക്കത്തെ തുടർന്ന് ധാതുസേന സഹോദരിയെ കൊല്ലാൻ ഉത്തരവിട്ടു. പ്രതികാരമായി, രാജാവിനെ അട്ടിമറിക്കാനും സിംഹാസനം ഏറ്റെടുക്കാനും കശ്യപനെ മിഗാര പ്രോത്സാഹിപ്പിക്കുകയും സഹായിക്കുകയും ചെയ്തു. ധാതുസേനയ്ക്ക് വലിയ സമ്പത്തിന്റെ നിധികൾ ഒളിപ്പിച്ചിട്ടുണ്ടെന്ന് വിശ്വസിക്കാൻ മിഗാര കശ്യപയെ പ്രേരിപ്പിച്ചു. അത് തന്റെ അനുജനായ മുഗലാനയ്ക്ക് കൊടുക്കുവാനാണെന്നും കാശ്യപൻ തെറ്റിധരിച്ചു. അങ്ങനെ അസൂയയും കോപവും പൂണ്ട്, അച്ഛനായ ധാതുസേന രാജാവിനെ തുറങ്കിലടച്ച് കാശ്യപൻ രാജഭരണം പിടിച്ചെടുത്തു (എ.ഡി. 455–473). തുടർന്ന് നിധികൾ ഒളിഞ്ഞിരിക്കുന്നിടത്തേക്ക് കശ്യപനെ നയിക്കാൻ ആവശ്യപ്പെട്ടപ്പോൾ ധാതുസേന അവനെ കലവേവയിലേക്ക് നയിക്കുകയും വെള്ളം കൈയ്യിൽ എടുക്കുകയും ചെയ്തു, ഇത് തന്റെ പക്കലുള്ള ഒരേയൊരു നിധിയാണെന്ന് അവകാശപ്പെട്ടു. ഇതിൽ പ്രകോപിതനായ കശ്യപ അവനെ മതിലിൽ കുത്തിക്കൊലപ്പെടുത്തി കൊലപ്പെടുത്തി. (കലവേവയുടെ ബണ്ടിൽ അദ്ദേഹത്തെ ജീവനോടെ അടക്കം ചെയ്തു എന്നതാണ് മറ്റൊരു കഥ).

www.christianmusicologicalsocietyofindia.com
www.christianmusicologicalsocietyofindia.com

CHRISTIAN MUSICOLOGICAL SOCIETY OF INDIA

പിന്നീട് അനുജനായ മുഗലാനയ്ക്ക് വിഷം നൽകി കൊല്ലാൻ ശ്രമിച്ചെങ്കിലും അത് വിജയിച്ചില്ല. മുഗലാന പ്രാണരക്ഷാർത്ഥം ദക്ഷിണേന്ത്യയിലേക്ക് പാലായനം ചെയ്തു. കേരളത്തിലും മറ്റ് ദക്ഷിണേന്ത്യയിലും അഭയാർത്ഥിയായി മുഗലാന കഴിഞ്ഞു. അച്ഛനായ ധാതുസേന രാജാവിന്റെ നസ്രാണി സ്വാധീനം മുഗലാനയ്ക്ക് തുണയായി. തുടർന്ന് മുഗലാന നസ്രാണി മാർഗ്ഗം സ്വീകരിച്ച് ക്രിസ്ത്യാനിയായി. അങ്ങനെ എ.ഡി. 477-ൽ പേർഷ്യക്കാരും ഇന്ത്യാക്കാരുമായ നസ്രാണികൾ സംഘടിപ്പിച്ച് ഒരു സൈന്യവുമായി പിതൃഹത്യ നടത്തിയ കാശ്യപന് എതിരായി നീങ്ങി. മുഗലാനയുടെ നീക്കത്തിൽ സംഭീതനായ കാശ്യപൻ അനുരാധപുരയിൽ നിന്ന് അറുപത് കിലോ മീറ്റർ ദൂരത്തിലുള്ള 'സിരിഗിയ' (സിംഹപാറ) എന്ന കൂറ്റൻ പാറക്കെട്ടിന് മുകളിൽ കിടങ്ങുകളും കോട്ടകളും തീർത്ത് ആസ്ഥാന മുറപ്പിച്ചു.








തുടർന്ന് മുഗലാന നസ്രാണി നേതൃത്വത്തിലുള്ള സൈന്യവുമായി ശ്രീലങ്കയിൽ പ്രവേശിച്ച് കാശ്യപന്റെ സങ്കേതത്തെ ആക്രമിക്കാൻ തുടങ്ങി. കാശ്യപൻ സ്വന്തമായ ഒരു സൈന്യത്തെ ഒരുക്കി എതിരിടാൻ ശ്രമിച്ചെങ്കിലും പരാജിതനായി യുദ്ധത്തിൽ നിന്ന് പിന്തിരിഞ്ഞ് ഓടിയപ്പോൾ ഒരു ആനയുടെ ചവിട്ടേറ്റ് മൃതിയടഞ്ഞു. അതേത്തുടർന്ന് മുഗലാന ശ്രീലങ്കയുടെ രാജാവായി പ്രഖ്യാപിക്കപ്പെട്ടു.

ഒരു മാർത്തോമ്മാ നസ്രാണിയായ മുഗലാന രാജാവ് ഒരു കമ്മട്ടത്തിൽ സ്ലീവാ അടയാളം പതിച്ച സ്വർണ്ണ നാണയം അടിച്ചിറക്കി പ്രചരിപ്പിച്ചു. **(H.W. Codirington, Ceylon Coins and Currency. Series A. No.8, Page 8)**. 'ശ്രീലങ്കയുടെ നാവികശക്തിയുടെ പിതാവ്' എന്നാണ് മുഗലാന അറിയപ്പെട്ടത്. കാരണം പേർഷ്യ നസ്രാണികളുടെയും കേരള നസ്രാണികളുടെയും പരിശീലനത്തിലും ശിക്ഷണത്തിലും ശ്രീലങ്കയ്ക്ക് ആദ്യമായി

www.christianmusicologicalsocietyofindia.com
www.christianmusicologicalsocietyofindia.com

CHRISTIAN ...AL SOCIETY OF INDIA

മുഗലാന രാജാവിന്റെ നാണയം



ഒരു നാവീകസേനയ്ക്ക് മുഗലാന രൂപംകൊടുത്തു. മനുഷ്യന് കുടിക്കുവാനും ചെടികൾക്ക് വളരുവാനും ഉള്ള ശുദ്ധജലത്തിൽ ഒരു തുള്ളിപോലും കടലിലൊഴുക്കി കളയുകയില്ലന്നുള്ള മുദ്രാവാക്യം മുഗലാന രാജാവ് തന്റെ ഭരണനയമായി സ്വീകരിച്ചു. ഇക്കാലത്ത് നസ്രാണികൾ ശ്രീലങ്കയിൽ ഒരു വലിയ സ്വാധീന ശക്തിയായി മാറി. മൈലാപ്പൂരിലെ മാർ തോമാ ശ്ലീഹായുടെ കബറിടത്തിലേക്ക് തീർത്ഥയാത്ര അന്ന് പതിവുണ്ടായിരുന്നു. എ.ഡി. 1154–ൽ ശ്രീലങ്കയിൽ വച്ച് എഴുതപ്പെട്ട ജിയോഗ്രഫി ഓഫ് എഡ്രീസിയിൽ പന്ത്രണ്ടാം നൂറ്റാണ്ടിൽ പരാക്രമ ബാഹുവിന്റെ ഭരണകാലത്ത് പതിനാറംഗ ഉപദേശക സമിതിയിൽ നാല് മാർത്തോമ്മാ നസ്രാണികൾ ഉണ്ടായിരുന്നു. നാല് ബുദ്ധമതക്കാർ, നാല് യഹൂദർ നാല് മാർത്തോമ്മാ നസ്രാണികൾ, നാല് മുഹമ്മദിയർ എന്നിവരായിരുന്നു പതിനാറംഗ ഉപദേശക സമിതി.

## ശ്രീലങ്കയിലെ മാർത്തോമ്മാ നസ്രാണികളുടെ അവസാനം

പറങ്കികളുടെയും ഡച്ചുകാരുടെയും വരവോടെ കേരളമൊഴികെ ഇന്ത്യയിലെ പല മേഖലകളിലും സംഭവിച്ചപോലെ ശ്രീലങ്കയിലെ മാർത്തോമ്മാ നസ്രാണി യുഗം അവസാനിച്ചു. നസ്രാണികളെയും അവരുടെ വിശ്വാസപൈതൃകങ്ങളെയും ഉന്മൂലനം ചെയ്യാൻ പറങ്കികളും ഡച്ചുകാരും മത്സരിച്ചു. പറങ്കികൾ നസ്രാണികളെ ലത്തീൻ സഭയിൽ ബലമായി ചേർക്കാൻ ശ്രമിക്കുകയും അനുസരിക്കാത്തവരെ കൊന്ന് കുഴിച്ചുമൂടുകയും നസ്രാണി പള്ളികൾ പിടിച്ചെടുക്കുകയും നസ്രാണി സ്ലീവാകൾ തകർക്കുകയും ചെയ്തു. സ്ലീവാകളുടെ തകർച്ചയോടെ നസ്രാണികൾ എന്നൊരു സമുദായം ശ്രീലങ്കയിൽ ഉണ്ടായിരുന്നില്ലെന്ന് വരുത്തിത്തീർക്കുന്നതിൽ 20–ാം നൂറ്റാണ്ടിൽ അനുരാധപുര സ്ലീവാ കണ്ടെത്തുന്നതുവരെ വിജയിച്ചു. ഡച്ചുകാരാകട്ടെ, നസ്രാണികളെ നാടുകടത്തി. അവസാനം ശേഷിച്ചിരുന്നവരെ, ഫ്രാൻസീസ് സേവ്യർ താൻ ഗോവയിൽ നസ്രാണികളെ കശാപ്പ് ചെയ്തപോലെ അതിക്രൂരമായി കൊന്നൊടുക്കി. ആയതിനാൽ ഗോവയിലെ നസ്രാണികളുടെ രക്തസാക്ഷ്യത്തിന്റെ തനിയാവർത്തനമാണ് ശ്രീലങ്കയിലെ നസ്രാണികൾ അനുഭവിച്ചതെന്ന് പറയാം.

എന്നാൽ ഇന്ന് ദേശീയത ഉണർന്നപ്പോൾ കോളനിവൽക്കരണത്തിന്റെ പിടിയിൽ നിന്ന് മാറി ചിന്തിക്കാൻ ശ്രീലങ്കയിലെ ക്രിസ്ത്യാനികൾ തുടങ്ങി. തങ്ങളുടെ ക്രിസ്തീയതയുടെ വേര് പറങ്കികളോ ഡച്ചുകാരോ കൊണ്ട് നട്ടതല്ലെന്നും മാർ തോമാ ശ്ലീഹായും തങ്ങളുടെ പൂർവ്വീകരായ മാർത്തോമ്മാ നസ്രാണികളും ആണെന്നും ലത്തീൻ സഭക്കാരും ആംഗ്ലീക്കൻ സഭക്കാരും തിരിച്ചറിയുന്നു. മത കോളനിവൽക്കരണത്തെ അതിജീവിച്ച്, കത്തിക്കരിഞ്ഞ ചാരത്തിൽ നിന്നും കുഴിച്ചുമൂടപ്പെട്ട ചരിത്രത്തിൽ നിന്നും ഉത്ഥിതനായ ഈശോയുടെ പ്രതീകമായ മാർത്തോമ്മാ സ്ലീവാ അനുരാധപുര സ്ലീവാ എന്നപേരിൽ വീണ്ടും ചരിത്രമായി ഉയിർത്തെഴുന്നെറ്റു. ഇന്ന് നസ്രാണികളല്ലെങ്കിൽക്കൂടിയും കത്തോലിക്കരോ ആംഗ്ലിക്കരോ എന്ന വേർതിരിവില്ലാതെ ഒരോ ശ്രീലങ്കൻ ക്രിസ്ത്യാനികളുടെയും അഭിമാനമായി പള്ളികളുടെ മദ്ബഹായിൽ വണങ്ങപ്പെടുകയും അവരുടെ നെഞ്ചോട് ചേർക്കപ്പെടുകയും ചെയ്യുന്നു.

ചരിത്രത്തിന്റെ വിസ്മൃതിയിൽ നിന്ന് ഉയിർത്തെഴുന്നേറ്റുവന്ന ആ പരിശുദ്ധ സ്ലീവായെ നേരിൽ കാണാനും തൊട്ടുമുത്താനും മാർത്തോമ്മാ ശ്ലീഹായുടെ മദ്ധ്യസ്ഥയാൽ ബലഹീനായ എന്നെ അനുഗ്രഹിച്ച സ്ലീവായാകുന്ന ഈശോയോട് നന്ദിപറഞ്ഞുകൊണ്ട് ചുരുക്കുന്നു.

ജീവന്റെയും പുനഃരുത്ഥാനത്തിന്റെയും നാഥാനായ മാർ സ്ലീവായ്ക്ക് മഹത്വമുണ്ടാകട്ടെ!
ആമ്മേൻ!

www.christianmusicologicalsocietyofindia.com
www.christianmusicologicalsocietyofindia.com